**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 536 — 11.12.2012-ൽ മറുപടിക്ക്

**വായ്പാ സഹകരണ സംഘങ്ങളുടെ വിശദാംശം**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. രാജു എബ്രഹാം : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളുടെ ആകെയുള്ള നിക്ഷേപ തുക എത്രയാണെന്നും ലോൺ കൊടുത്തിട്ടുള്ള തുക എത്രയാണെന്നും വെളിപ്പെടുത്തുമോ ; | (എ) സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളിൽ 31.05.2012 ലെ കണക്ക് പ്രകാരം ആകെയുള്ള നിക്ഷേപതുക 84875.48 കോടി രൂപയും ലോൺ കൊടുത്തിട്ടുള്ള തുക 66103 കോടി രൂപയുമാണ്. |
| (ബി) വായ്പാ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന നീതി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ, കൺസ്യൂമർ സ്റ്റോർ, വളം ഡിപ്പൊ തുടങ്ങിയ സ്ഥാപനങ്ങളുടെ ആകെ എണ്ണം എത്രവീതമാണെന്ന് വെളിപ്പെടുത്തുമോ; | (ബി) വായ്പാ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 689 നീതി സ്റ്റോറുകളും 383 നീതി മെഡിക്കൽ സ്റ്റോറുകളും 248 കൺസ്യൂമർ സ്റ്റോറുകളും 1239 വളം ഡിപ്പൊകളും പ്രവർത്തിച്ചുവരുന്നു. |
| (സി) വായ്പായിതര സംരംഭങ്ങൾ പാടില്ലെന്ന സ്ഥിതി വന്നാൽ സംസ്ഥാനത്ത് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന എത്ര വായ്പാ സഹകരണ സംഘങ്ങൾ അടച്ചുപൂട്ടേണ്ടിവരുമെന്ന് അറിയിക്കുമോ? | (സി) സംസ്ഥാനത്ത് നിലവിൽ വായ്പാ ഇതര സംരംഭങ്ങൾ പാടില്ലെന്ന സ്ഥിതി വന്നാൽ വായ്പാ സഹകരണ സംഘങ്ങൾ അടച്ചുപൂട്ടേണ്ടി വരികയില്ല. |

സെക്ഷൻ ഓഫീസർ